**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3725 — 20.10.2016 -ലെ മറുപടിയ്ക്ക്

# യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

*ചോദ്യം*

ശ്രീ. ഹൈബി ഈഡൻ

*ഉത്തരം*

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | കേരള സർവ്വകലാശാല — 232 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>എം.ജി. സർവ്വകലാശാല — 118 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.05.2016 ന് ശേഷമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ തീയതിയ്ക്ക് മുൻപുള്ള ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവ് നൽകികഴിഞ്ഞു.<br><br>കാലിക്കറ്റ് സർവ്വകലാശാല — ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30.01.2016 ന് പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്കലിസ്റ്റിൽ നിന്നും നിയമനം നൽകികൊണ്ടിരിക്കുന്നു.<br><br>കുസാറ്റ് - നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേക്ക് പി എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.<br><br>കണ്ണൂർ സർവ്വകലാശാല - 71 അസിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ജി.ഒ.(എം.എസ്.) നം.174/2016/ഉവിവ തീയതി 06.08.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻമുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>മലയാള സർവ്വകലാശാല — തസ്തിക സൃഷ്ടിച്ചിട്ടില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല — അസിസ്റ്റന്റിന്റെ ഒരു ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**